മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മഹാരാജാസ് കോളേജിലെ പ്രിൻസിപ്പാളിനെ.

(ബി) അതെ.

(സി) ബി. ചോദ്യത്തിന്റെ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

ADMISSION TO THE INTERMEDIATE CLASS—MAHARAJA'S COLLEGE, ERNAKULAM

279. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമൊ.—

(എ) തിരുവിതാംകൂർ ഹൈസ്കൂളുകളിൽനിന്ന് ഫോറംക്ലാസ്സ് പാസ്സായ എത്ര വിദ്യാർത്ഥികൾക്ക് മഹാരാജാസ് കോളേജിൽ ഇൻറർ മീഡിയറ്റ് ക്ലാസ്സിൽ പ്രവേശനം കൊടുത്തിട്ടുണ്ട്;

(ബി) അവർ എല്ലാവരും കൊച്ചീക്കാരാണെന്ന് ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ.

(എ) ഒരു വിദ്യാർത്ഥിക്കുമാത്രം.

(ബി) ആ വിദ്യാർത്ഥി കൊച്ചീക്കാരനാണെന്ന് ബോദ്ധ്യമുണ്ട്.

REGULATING HOURS OF LABOUR—BILL CONCERNING

280. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമൊ.—

നിയമസഭ പാസ്സാക്കിയതും, രാജകീയാനുമതി ലഭിച്ചതും, തൊഴിലാളികൾക്ക് ആഴ്ചയിൽ ൪൮ മണിക്കൂർ ജോലിയെന്ന നിയന്ത്രിക്കുന്നതുമായ ബിൽ നടപ്പിൽ വരുത്തുവാൻ കാലതാമസം നേരിട്ടതു് എന്തുകൊണ്ടാണെന്ന ദയവായി പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

ആഴ്ചയിൽ ൪൮ മണിക്കൂർ ജോലിയെന്ന നിയന്ത്രിക്കുന്ന ഫാക്ടറി-ലെ നാംനമ്പ് ആക്ട്, ഫാക്ടറി മകരം ഫാംനം മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ ആക്ട് പ്രകാരമുള്ള നിബന്ധനകളും നടപ്പിൽ വരുത്തുന്നതിനു ഫാക്ടറി ഉടമസ്ഥന്മാർക്കു കൊച്ചു സമയം കൊടുക്കേണ്ടതു ആവശ്യമാണെന്ന ഗവണ്മെണ്ടിനു ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് മകരം ഫാംനംക്കുമുമ്പുതന്നെ ഈ നിയമം നടപ്പിൽ വരുത്താതിരുന്നതു്.

RATION SHOPS—CONDUCT OF—LICENSE FOR

281. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—:

(എ) ഏതെങ്കിലും അധഃകൃത പരസ്പരസഹായസംഘങ്ങളൊ അധഃകൃത വ്യക്തികളൊ റേഷൻഷാപ്പുകൾ നടത്തുന്നതിനുവേണ്ടി ലൈസൻസുകൾ അനുവദിച്ചു കിട്ടുവാൻ അപേക്ഷിക്കുകയുണ്ടായിട്ടുണ്ടൊ ;

(ബി) ഉണ്ടെങ്കിൽ അവരിൽ ആർക്കെല്ലാം ലൈസൻസുകൾ കൊടുത്തിട്ടുണ്ട്;

(സി) അധഃകൃതരിൽ ഇപ്പോൾ എത്രപേർ റേഷൻ ഷാപ്പുകൾ നടത്തുന്നുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഫ. കെ. സി. പരമേശ്വരൻ, തുപ്പൂണിത്തുറ. ൨. കെ. പി. താമി, പൊവ്വന്തൂർ, കുന്ദംകുളം.

(സി) രണ്ടുപേർ.

PRICE OF COCOANUT CAKE

282. മിസ്റ്റർ പി. വി. മത്സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമൊ. —

(എ) കൊച്ചി ഗവണ്മെണ്ട് തേങ്ങാപ്പിണ്ണാക്കിന്റെ ഏറ്റവും കൂടിയ വില ൧൦ കയായി നിയന്ത്രിച്ചിട്ടുള്ളതു് ഇന്ത്യാഗവണ്മെണ്ടിന്റെ നിർദ്ദേശപ്രകാരമാണൊ ;

LIBRARY ARCHIVES Kerala Legislative Assembly